**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത** **02.03.2020 ൽ**
**നിയമസഭാ ചോദ്യം നമ്പർ : 152** **മറുപടിക്ക്**

**മലക്കപ്പാറ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി.ഡി. ദേവസ്സി | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| എ) അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ മലക്കപ്പാറ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | എ) മലക്കപ്പാറ പോലീസ് സ്റ്റേഷൻ നിർമ്മാണത്തിന് സർക്കാർ പ്ലാൻ സ്കീം 2018-2019 ൽ ഉൾപ്പെടുത്തി 145 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി വിഹിതത്തിൽ നിന്നും 2018-19, 2019-20 എന്നീ വർഷങ്ങളിലായി മൊത്തം 65.25 ലക്ഷം രൂപ തൃശ്ശൂർ റൂറൽ ജില്ലാ പോലീസ് മേധാവിക്ക് നൽകിയിട്ടുണ്ട്. ടി പോലീസ് സ്റ്റേഷന്റെ രണ്ടാം നിലയുടെ പണി പുരോഗമിച്ചു വരുന്നു. |
| ബി) കെട്ടിട നിർമ്മാണം ഉടൻ പൂർത്തിയാക്കുന്നതിനും പുതിയ കെട്ടിടത്തിൽ പ്രവർത്തനം ആരംഭിക്കുന്നതിനും ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ? | ബി) കരാർ പ്രകാരം പോലീസ് സ്റ്റേഷൻ നിർമ്മാണം 25.05.2020 തീയതിയിലാണ് പൂർത്തിയാക്കേണ്ടത്. കെട്ടിട നിർമ്മാണം ഉടൻ പൂർത്തിയാക്കി പുതിയ കെട്ടിടത്തിൽ പ്രവർത്തനം ആരംഭിക്കുന്നതിന് ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ